സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജനയും തൊഴിൽ പരിശീലനവും

141 [1974] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗ്രാമീണരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഗ്രാമവികസന വകുപ്പ് ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് പറയാമോ;

(ബി) സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ.) പ്രകാരം 2004-2005-ന് എത്ര കുടുംബങ്ങൾക്ക് സ്വയംതൊഴിൽ സഹായം നൽകുവാനാണ് ലക്ഷ്യമിട്ടിരുന്നത്;

(സി) ഇതിൽ എത്രപേർക്ക് തൊഴിൽ സഹായം നൽകി; തൊഴിൽ മേഖലയിൽ വൈദഗ്ദ്ധ്യ വികസന പരിശീലന പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ.), ഇന്ദിര ആവാസ് യോജന (ഐ.എ.വൈ.), സമ്പൂർണ്ണ ശുചിത്വ പരിപാടി, സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ.) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗ്രാമീണരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു മായി ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നത്.

(ബി) സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജനയ്ക്ക് കേന്ദ്ര സർക്കാർ ഭൗതിക ലക്ഷ്യം നിശ്ചയിക്കാറില്ല. 2004-2005-ൽ 25,000 കുടുംബങ്ങൾക്ക് വായ്പയും സബ്സിഡിയുമായി സ്വയം തൊഴിൽ സഹായം നൽകുവാനാണ് സംസ്ഥാന തലത്തിൽ ലക്ഷ്യമിട്ടിരുന്നത്.

(സി) ഇതിൽ 23,306 (ഇരുപത്തിമൂവായിരത്തി മുന്നൂറ്റി ആറ്) കുടുംബങ്ങൾക്ക് സഹായം നൽകി. എസ്.ജി.എസ്.വൈ. പദ്ധതിയുടെ ഭാഗമായി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് വൈദഗ്ദ്ധ്യ വികസന പരിശീലനം നൽകുന്നതിനുള്ള പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. വിവിധ തൊഴിൽ സംരംഭങ്ങൾ സ്വതന്ത്രമായി ഏറ്റെടുത്ത് നടത്തുന്നതിനുള്ള വൈദഗ്ദ്ധ്യ വികസന പരിശീലനം നൽകുന്നതിന് എസ്.ജി.എസ്.വൈ. പദ്ധതിയിൽ വ്യവസ്ഥയുണ്ട്. പരിശീലന ചെലവ്, പരിശീലനാർത്ഥികളുടെ ഭക്ഷണ ചെലവ്, താമസച്ചെലവ് എന്നിവ എസ്.ജി.എസ്.വൈ. ഫണ്ടിൽ നിന്ന് വഹിക്കുന്നതാണ്. 2005-2006-ൽ 10,000 പേർക്ക് പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നു.

GPM. 2/566/2012—23

LIBRARY ARCHIVES Kerala Legislative Assembly